# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3820 — 12.12.2018-ൽ മറുപടിക്ക്

### കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ നിയമനം

ചോദ്യം — ശ്രീ. എം.ഉമ്മർ

ഉത്തരം — പിണറായി വിജയൻ, മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതായുള്ള മാധ്യമ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കുമോ; | (എ) യും (ബി) യും | കോളേജ് വിദ്യഭ്യാസ വകുപ്പിലെ ലക്ചറർ ഇൻ കൊമേഴ്സ് തസ്തികയുടെ തെരഞ്ഞെടുപ്പിനായി 30.11.2012 ഗസറ്റ് തീയതിയിലെ 592/12 കാറ്റഗറി നമ്പർ വിജ്ഞാപനപ്രകാരമുള്ള റാങ്ക് ലിസ്റ്റ് 06.03.2018 മുതൽ പ്രാബല്യത്തിലുണ്ട്. |
| (ബി) | കോമേഴ്സ് അദ്ധ്യാപക തസ്തികയിലേയ്ക്ക് 2012-ന് ശേഷം ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത തസ്തികയിലേയ്ക്ക് നാളിതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;വിശദമാക്കാമോ; | (സി) | 01.06.2019 -ൽ നിലവിൽ വരുന്ന ഒരു പ്രതീക്ഷിത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ വർഷം യോഗ്യത കാലാവധി കഴിയുന്നവർക്കു കൂടി അപേക്ഷിക്കാൻ സാഹചര്യം ഒരുക്കുന്ന തരത്തിൽ വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | പ്രസ്തുത തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് ഒരു വർഷം പോലും പൂർത്തിയാകാത്ത സാഹചര്യത്തിൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് പി.എസ്.സി. തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ